# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ എത്തിക്കുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ച് കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കലും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം

# ബി. എ. എച്ച്. എം. എ എൽ. പി. എസ്. പാണാർകുളം

കാസർകോട് ജില്ലയിലെ കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ കാസർഗോഡ് ഉപജില്ലയിൽ ചെങ്കള ഗ്രാമപഞ്ചായത്തിൽ നാലാം മൈൽ എന്ന സ്ഥലത്തിലാണ് ബി. എ.എച്ച്.എം. എ.എൽ.പി.എസ് പാണാർകുളം സ്ഥിതി ചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്. 1979 ആണ് ഈ വിദ്യാലയം ആരംഭിച്ചത്. ഇപ്പോൾ സ്കൂൾ മാനേജരായ ഇബ്രാഹിം സൈനുദ്ദീൻ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ജാഗ്രതയുള്ള അതിന്റെ വളർച്ചയ്ക്കായി പരിശ്രമിക്കുന്ന ഒരു വ്യക്തിയാണ് നിലവിലെ മാനേജ്മെന്റ് കമ്മിറ്റി സ്കൂളിന്റെ എല്ലാ ആവശ്യങ്ങൾക്കും സജീവമായി പിന്തുണ നൽകുന്നതായി കാണുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയത്തിലെ അധ്യാപകരും രക്ഷിതാക്കളും കുട്ടികൾക്ക് പൂർണ്ണ പിന്തുണ നൽകുന്നുണ്ട് എന്നത് ഏറെ സന്തോഷകരമാണ്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ബി. എ. എച്ച്. എം. എ. എൽ. പി. എസ് പാണാർകുളം |
| മേൽവിലാസം | നാലാം മൈൽ,ചെങ്കള വഴി,ആലമ്പാടി പി ഓ |
| ഫോൺ നമ്പർ | 9495671532 |
| സ്കൂൾ കോഡ് | 11440 |
| വിദ്യാഭ്യാസ ജില്ല | കാസർഗോഡ് |
| ഉപജില്ല | കാസർഗോഡ് |
| ബി ആർ സി | കാസർഗോഡ് |
| സി ആർ സി | ജിഎച്ച്എസ്എസ് ചെർക്കള സെൻട്രൽ |
| പഞ്ചായത്ത് | ചെങ്കള |
| ഇമെയിൽ അഡ്രസ് | bahmalpspanarkulam@gmail.com |
| യുഡയസ് കോഡ് | 320103300406 |

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിലെ എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനുള്ള കഴിവ് ഉറപ്പുവരുത്തുക
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം ഇന്നത്തെ കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകുക
- വായനയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക
- കമ്പ്യൂട്ടർ ലാബ് ലൈബ്രറി എന്നിവ ആധുനികവൽക്കരിക്കുക
- മാലിന്യമുക്ത വിദ്യാലയം സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക
- (ക്ലാസുകൾ ടൈൽസ് പാകുക, ഡയിനിംഗ് ഹാൾ ഉണ്ടാക്കുക, കലാവതരണത്തിനുള്ള സ്റ്റേജ്, പവലിയൻ, മുറ്റം ഇന്റർലോക്കിംഗ് എന്നിവ )
- കുളത്തിന് ആൾമറകെട്ടൽ

## ഭാഷ

- കുട്ടികളിൽ സാഹിത്യഭിരുചി വളർത്തുക
- മികച്ച വായനാശീലം വളർത്തുക
- അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- ആശയങ്ങൾ വിവിധതരത്തിൽ പ്രതിഫലിപ്പിക്കാനുള്ള കഴിവ് നേടുക
- കുട്ടികൾക്ക് സർഗാത്മക രചനയ്ക്കുള്ള അവസരം ഒരുക്കുക

## ഇംഗ്ലീഷ്

- ഇംഗ്ലീഷിലുള്ള അവതരണങ്ങൾക്ക് അവസരം നൽകുക
- ഇംഗ്ലീഷ് രചനകൾ മെച്ചപ്പെടുത്തുക
- കുട്ടികളിലെ ഇംഗ്ലീഷ് ഭാഷ ശേഷി വികസിപ്പിക്കുന്നതിന്
- പുതിയ വാക്കുകൾ കണ്ടെത്തുന്നതിനും അർത്ഥം മനസ്സിലാക്കുന്നതിനും
-

## അറബിക്

- അറബിഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക

## ഗണിതം

- അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പിക്കുക
- ഗണിത പഠനം ലഘൂകരിക്കാൻ ഗണിതത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ശാസ്ത്രീയമായ ഗണിത പഠനം ഉറപ്പുവരുത്താൻ

## പരിസര പഠനം

- ശാസ്ത്ര പഠനം താല്പര്യ വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം, എന്നിവ വികസിപ്പിക്കുക
- സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് സഹായകമാകുന്ന സാമൂഹിക സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക

# മലയാളം &അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| • കുട്ടികളിൽ സാഹിത്യഭിരുചി വളർത്തുക.<br>• മികച്ച വായനാശീലം വളർത്തുക | • പുസ്തകങ്ങൾ ആഴ്ചയിലൊരിക്കൽ വീട്ടിലേക്ക് കൊടുത്തയക്കൽ<br>• ആസ്വാദന കുറിപ്പ് തയ്യാറാക്കൽ<br>• പുസ്തക പരിചയം (ഉച്ചഭാഷിണിയിൽ )<br>• പിറന്നാളിന് കുഞ്ഞികൈയ്യിലൊരു കുഞ്ഞു പുസ്തകം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• ദിവസവും വാർത്ത വായന (ഉച്ച ഭാഷിണിയിൽ ) | ജൂൺ മുതൽ മാർച്ച് | അധ്യാപകർ, കുട്ടികൾ, രക്ഷിതാവ് |
| അർത്ഥപൂർണമായി വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | • റീഡേഴ്സ് തിയേറ്റർ ക്ലാസ് റൂം പ്രകിയയിൽ പരമാവധിപ്രയോജനപ്പെടുത്തുക<br>• പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരീശീലനം നൽകൽ<br>• വായന കാർഡ് നിർമ്മാണം | ജൂൺ മുതൽ മാർച്ച് | അധ്യാപകർ |
| • ആശയങ്ങൾ വിവിധ തരത്തിൽ | • ക്ലാസിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല | ജൂൺ മുതൽ മാർച്ച് | അധ്യാപകർ, കുട്ടിക |

| | | | |
|---|---|---|---|
| പ്രതിഫലിക്കാനുള്ള കഴിവ് നേടുക<br>● കുട്ടികൾക്ക് സർഗാത്മകരചനയ്ക്കുള്ള അവസരമൊരുക്കുക | കയ്യെഴുത്ത് പതിപ്പ് തയാറാക്കുക<br>● ഒരു ചിത്രം നൽകി ആഴ്ചയിലൊരു കഥ എഴുതിക്കൽ [രചനോത്സവം മോഡൽ ]<br>● മികച്ച രചനകൾ ഉൾപ്പെടുത്തി പുസ്തകം പ്രസിദ്ധീകരിക്കൽ | | ൾ<br>.സമൂഹം |
| | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | • വിവിധ തരം കളികൾ കണ്ടെത്തി നൽകൽ<br>• ഗണിത ലാബ് സജ്ജമാക്കൽ<br>• ഗണിത മൂല ക്ലാസുകളിൽ സജ്ജമാക്കൽ<br>• | ജൂൺ മുതൽ മാർച്ച് | അധ്യാപകർ, കുട്ടികൾ |
| ഗണിത നിർമ്മാണ പ്രവർത്തനത്തിലൂടെ | • ഗണിത ക്യാമ്പ്<br>• രൂപങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ മാർച്ച് | അധ്യാപകർ, കുട്ടികൾ |
| ഗണിതചിന്ത വളർത്തൽ | ഒരു ദിവസം ഒരു ചോദ്യം (കുസൃതി പസിൽ ) | ജൂൺ മുതൽ മാർച്ച് | അധ്യാപകർ, കുട്ടികൾ |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാവർക്കും ഉറപ്പാക്കുക | മുത്തുകൾ, സ്റ്റൈലികൾ ബോളുകൾ . ബഹുവർണടോക്കണുകൾ. പ്രായോഗിക പ്രശ്നപരിഹരണം ചിത്രകാർഡുകൾ .സങ്കലന വ്യവകലന കാർഡുകൾ സ്ഥാന വില പോക്കറ്റ്, ജ്യാമിതീയ രൂപങ്ങൾ,. പസിൽ നിർമ്മാണം | ജൂൺ മുതൽ മാർച്ച് | അധ്യാപകർ, കുട്ടികൾ |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | • പ്രകൃതി നടത്തം<br>• പോസ്റ്റർ നിർമ്മാണം | ജൂൺ മുതൽ മാർച്ച് | അധ്യാപകർ കുട്ടികൾ |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | • ദിനകൃത്യങ്ങളെ കുറിച്ച് ബോധവാന്മാരാക്കൽ<br>• ശുചിത്വ സേന രൂപീകരിക്കൽ<br>• പോസ്റ്റർ പ്രദർശനം<br>• ശുചിത്വ ക്ലാസ് കണ്ടെത്തി അംഗീകാരം നൽകൽ | ജൂൺ മുതൽ മാർച്ച് | അധ്യാപകർ കുട്ടികൾ |
| ശാസ്ത്ര വിഷയത്തിൽ അഭിരുചിയും താത്പര്യവും വളർത്തൽ | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക<br>• പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>• മിക ച്ച ശാസ്ത്രാധ്യാപകന്റെ ക്ലാസ് സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് | അധ്യാപകർ കുട്ടികൾ |
| | | | |

# English

| objectives | Activity | Duration | Responsibility |
|---|---|---|---|
| • Give opportunities for presentations in english<br><br>• Enhance English language skills | • English assembly once a month<br>• "English cartoon screening once a week<br>• English news reading in loudspeaker<br>• English balasabha<br><br>• Present skits, dramas, conversations, and storytelling related to the lesson in the Balasabha.<br>• Reading competition | June to march | Teacher and students |
| Improve English writing skills" | • Conduct reading card making at the class level.<br>• To improve English writing skills among students, provide one picture per week and ask them to prepare a | June to march | Teacher and students |

| | | | |
|---|---|---|---|
| | description of it." | | |
| Find new words, understand their meanings, and enrich vocabulary. | Students from classes 1 to 4 are creating a mini dictionary by discovering one new word each day. | June to march | Teacher and students |

# ഭൗതീക സാഹചര്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കായി ദൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക | 1മുതൽ4വരെ ക്ലാസുകളിൽ ടൈൽസ് , പാകുക ജനൽ പാളി പിടിപ്പിക്കുക. ഡയി സിംഗ്ഹാൾ നിർമ്മിക്കുക. സ്റ്റേജ് . പവലിയൻ മറ്റം ഇന്റർലോക്കിംഗ് | 3 വർഷം | മാനേജ്മെന്റ് പൂർവ്വ വിദ്യാർത്ഥികൾ |
| കുട്ടികൾക്ക് സുരക്ഷ ഒരുക്കുക | സ്കൂളിനു സമീപത്തെ കുളത്തിന് ആൾമറ കെട്ടുക | ഒരു വർഷം | മാനേജ്മെ മാനേജ്മെന്റ്.പി.ടി.എ. |